"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കോട്ടപ്പുറം രൂപത, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ ക്ലാസ്സ് IV ജീവനക്കാരുടെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4587/2026/GEDN തീയതി,തിരുവനന്തപുരം, 08-07-2026

പരാമർശം:- 1. കോർപ്പറേറ്റ് മാനേജരുടെ 16.10.2025 തീയതിയിലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇസി4/504/2026/ഡിജിഇ നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കോട്ടപ്പുറം രൂപത, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ ക്ലാസ്സ് IV ജീവനക്കാരുടെ നിയമനം അംഗീകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് മാനേജർ പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. ടി വിഷയം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം () പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആലുവ വിദ്യാഭ്യാസ ജില്ലയുടെ കീഴിലുള്ള പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ എഫ്.ടി.എം. തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ ഡെന്നി പി.ജി.യെ ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ ശ്രീമതി റീന ജോർജ്ജിനെ 02/07/2012 മുതൽ എഫ്.റ്റി.എം. ആയി മാനേജർ നിയമിച്ചു. ഇതേ മാനേജ്മെന്റിന്റെ കീഴിലുള്ള ചാത്തേടം സെന്റ് ജോസഫ്സ് സ്കൂളിൽ എഫ്.റ്റി.എം ആയിരുന്ന തോമസ് മിഥുൻ ഓഫീസ് അറ്റൻഡന്റായി പ്രമോട്ട് ചെയ്യപ്പെട്ട ഒഴിവിൽ 01/11/2012 മുതൽ എഫ്.റ്റി.എം ആയി ശ്രീ ജോബി ജോണിനെ മാനേജർ നിയമിച്ചു. 2012-13 ൽ കുട്ടികളുടെ എണ്ണം 700 ൽ താഴെ ആയി എന്ന കാരണത്താൽ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫിസിൽ ശ്രീമതി റീന ജോർജ്ജിന്റെ നിയമനത്തിന് അംഗീകാരം നിരസിച്ചു. ആയതിനെതിരെ സമർപ്പിക്കപ്പെട്ട അപ്പീലുകളും നിരസിക്കപ്പെട്ടു. അവകാശികളുടെ നിയമനത്തിന് അംഗീകാരം ലഭിക്കാത്തതിനാൽ 01/11/2012 മുതലുള്ള സീനിയർ ജോബി ജോണിന്റെ നിയമനവും നിരസിക്കപ്പെട്ടു. ടി ജീവനക്കാർ അംഗീകാരമില്ലാതെ തുടരുന്ന വേളയിൽ ആദ്യം നിയമനം ലഭിച്ച വ്യക്തിക്ക് തസ്തിക ഇല്ലാതെ വരികയും രണ്ടാമത് നിയമിക്കപ്പെട്ട വ്യക്തിക്ക് തസ്തിക ലഭിക്കുന്ന അവസ്ഥയും ഉണ്ടായി. ഈ അവസരത്തിൽ മാനേജർ ശ്രീമതി ജോബി ജോണിന്റെ ചാത്തേടം സ്കൂളിലെ സേവനം 21/06/2013 പ്രാബല്യത്തിൽ അവസാനിപ്പിക്കുകയും ആദ്യം നിയമിക്കപ്പെട്ട വ്യക്തി എന്ന നിലയ്ക്ക് ശ്രീമതി റീന ജോർജ്ജിനെ 22/06/2013 മുതൽ ചാത്തേടം സെന്റ് ജോസഫ് എച്ച്.എസ് -ൽ നിയമിക്കുകയും ചെയ്തു.

ശ്രീമതി ജോബി ജോണിനെ 25/06/2013 മുതൽ പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ

നിയമിക്കുകയും ടിയാൾ 25/06/2013 ന്ന ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീമതി റീന ജോർജ്ജിന്റെ നിയമനം ടിയാൾ ബിരുദധാരിയായതിനാൽ സർക്കാർ നിരസിച്ചിരുന്നു. എന്നാൽ 03/12/2016 തീയതിയിലെ ജി.ഒ(പി) നമ്പർ 30/16/പി. & എ.ആർ.ഡി. പ്രകാരം മേൽപ്പടി ഉത്തരവിന്റെ മുൻകാല പ്രാബല്യം ഒഴിവാക്കി ഉത്തരവ് തീയതിയായ 04/06/2016 മുതൽ പ്രാബല്യം നൽകി ടി ഉത്തരവിന്റെയും 29/01/2016 തീയതിയിലെ ജി.ഒ(പി) നം. 29/16/ജി.ഇ.ഡി.എൻ. ന്റെയും അടിസ്ഥാനത്തിൽ ശ്രീമതി റീന ജോർജ്ജിന്റെ 22/06/2013 മുതലുള്ള എഫ്.ടി.എം. നിയമനം ആലുവാ ജില്ലാ വിദ്യാഭ്യാസ ഓഫിസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ശ്രീമതി ജോബി ജോണിന്റെ നിയമനം 21/06/2013 മാനേജർ അവസാനിപ്പിച്ചതായി അറിയിച്ചതിനെ തുടർന്ന് ഒഴിവിന് വ്യക്തതയില്ലാത്തതിനാൽ 21/01/2017 ലെ ബി4/6083/16/ഡി.ഡിസ് നമ്പർ ഉത്തരവ് പ്രകാരം ആലുവ ജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിട്ടുള്ളതാണ്.

ടി മാനേജ്മെന്റിന് കീഴിലുള്ള എഫ്.ടി.എം, ഓഫീസ് അറ്റൻഡന്റ് നിയമനങ്ങൾ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി റീന ജോർജ്ജും മറ്റുള്ളവരും 7495/2020 പ്രകാരം റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും പ്രസ്തുത റിട്ട് പെറ്റീഷനിൽ 08.06.2023 തീയതിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഹർജിക്കാരെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു. അപ്രകാരം കോടതി വിധിന്യായം പാലിച്ചുകൊണ്ട് 17.07.2025 തീയതിയിലെ സ.ഉ(സാധാ)നം.4718/2025/GEDN പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം 02/07/2012 മുതലുള്ള ശ്രീമതി റീന ജോർജ്ജിന്റെ നിയമനം തസ്തിക അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ അംഗീകരിക്കാനാകില്ല എന്നു ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി ജോബി ജോണിന്റെ നിയമനവും അംഗീകരിക്കുവാൻ സാധിക്കില്ല. കൂടാതെ ടി മാനേജ്മെന്റിനു കീഴിൽ ശ്രീമതി റീന ജോർജ്ജിനേക്കൾ സീനിയർ ആയ ശ്രീമതി ഷൈനി എം.ജി.യുടെ 01/04/2014 മുതലുള്ള നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ശ്രീമതി റീന ജോർജ്ജിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കുവാൻ നിർദേശിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ശ്രീമതി ഷൈനി എം.ജി.യെ നിയമിച്ചിരിക്കുന്നത് ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ തോമസ് മിഥുനെ 24.07.2013 തീയതിയിൽ സസ്പെൻഡ് ചെയ്ത ഒഴിവിലേക്കാണ്. ശ്രീ തോമസ് മിഥുന്റെ സസ്പെൻഷൻ വകുപ്പ് തലത്തിൽ അംഗീകരിക്കാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല. കൂടാതെ 24.07.2013 മുതൽ 01.04.2018 വരെയുള്ള ടിയാന്റെ സസ്പെൻഷൻ കാലയളവ് നാളിതുവരെയായി മാനേജർ ക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ശ്രീമതി ഷൈനി എം.ജി.യുടെ 01/04/2014 മുതലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം 05.11.2025 തീയതിയിലെ ആലുവാ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ B4/873266/2025 ഉത്തരവ് പ്രകാരം ആലുവാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിട്ടുള്ളതാണ്. ശ്രീമതി ഷൈനി എം.ജി.യുടെ നിയമനം അംഗീകരിക്കുന്ന മുറക്ക് മാത്രമേ ടി മാനേജ്മെന്റിന് കീഴിലുള്ള മറ്റ എഫ്.ടി.എം, ഓഫിസ് അറ്റൻഡന്റ് നിയമങ്ങൾ അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ കോട്ടപ്പുറം രൂപത, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ ക്ലാസ്സ് IV ജീവനക്കാരുടെ നിയമനം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ച് അപ്രകാരം കോർപ്പറേറ്റ് മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ
ജോയിന്റ് സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കോട്ടപ്പുറം രൂപത, കോട്ടപ്പുറം പി.ഒ., കൊടുങ്ങല്ലൂർ - 680 667.
ശ്രീമതി ജോബി ജോൺ, പടമാട്ടുമ്മൽ ഹൗസ്, ഉരുത്തിപ്പുറം പി.ഒ., ചാത്തേടം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/189/2025-G.EDN)

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 08-07-2026 12:54:40

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.